കേന്ദ്ര നികുതി വരുമാനത്തിൽനിന്നും കേരളത്തിനുള്ള ഗ്രാന്റ്

151 (497) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് കേരളത്തിന് കേന്ദ്രസർക്കാർ ഗ്രാന്റായി അനുവദിക്കുന്നത് ;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ അതിൽ എത്ര ശതമാനത്തിന്റെ വർദ്ധനയാണ് വരുത്തിയിട്ടുള്ളത് ;

(സി) അതിൻപ്രകാരം സംസ്ഥാനത്തിന് അധികമായി ലഭ്യമാകുന്ന തുക എത്രയാണ് ; ഈ തുക ഏതൊക്കെ പദ്ധതികൾക്കായാണ് ചെലവഴിക്കാൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 32% ആണ് സംസ്ഥാനങ്ങൾക്കായി വിഭജിച്ച് നൽകുന്നത്. ഇതിന്റെ 2.341 % ആണ് കേരളത്തിന് ലഭിക്കുന്നത്.

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര തനതു നികുതി വരുമാനത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന വിഹിതം നിലവിലെ 32%-ൽനിന്നും 42% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ 2.5% തുക കേരളത്തിന് വിഹിതമായി ലഭിക്കും.

(സി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള മൊത്തം സഹായം കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 61.88% (2014-15 BE) -ൽനിന്നും 62.75%(2015-16) ആയി മാത്രമേ വർദ്ധിപ്പിച്ചിട്ടുള്ളൂ. അതായത് യഥാർത്ഥ വർദ്ധനവ് 0.87% മാത്രമാണ്. ഇതിനു കാരണം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32% -ൽനിന്നും 42% ആയി ഉയർത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള പദ്ധതി സഹായത്തിൽ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) കുറവ് വരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ വിവിധ കേന്ദ്ര മന്ത്രാലയങ്ങളിൽനിന്നും ലഭിച്ചാൽ മാത്രമേ 2015-16 സാമ്പത്തിക വർഷം കേന്ദ്ര സഹായത്തിൽ ഉണ്ടായിട്ടുള്ള കുറവ് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly